# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.11401/19/EST-A/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
28/04/2025

## സർക്കുലർ

വിഷയം:- ജീവനക്കാരുടെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് - മാസവിഹിതം ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. 22/04/2025-ലെ ROC.3429/24/Est-4 നമ്പർ ബോർഡ് ഉത്തരവ്.
2. 24/04/2025-ലെ മേൽ നമ്പർ സർക്കുലർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 26/04/2025-ലെ DA.No.325/25/E1 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കായി ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ മാസവിഹിതമായ 500/- രൂപ ഏപ്രിൽ മാസത്തെ ശമ്പളം മുതൽ പിടുത്തം വരുത്തുവാൻ സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയിൽ ചേർന്നിട്ടുള്ള ജീവനക്കാരിൽ നിന്നും പ്രതിമാസം 500/- രൂപ ഈടാക്കുന്നതിന് സൂചന (2) പ്രകാരം ഒരു സർക്കുലറും നൽകിയിട്ടുള്ളതാണ്.

എന്നാൽ ടി സംഗതിയിന്മേൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി സൂചന (3) റിപ്പോർട്ട് ലഭിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ച് ജീവനക്കാരുടെ മാസവിഹിതം പിടുത്തം വരുത്തേണ്ടതാണ്.

1. തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കായി തുടങ്ങിയ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ കാലാവധിയുള്ളതാണ്.
2. ജീവനക്കാരുടെ ആകെ വിഹിതം 6000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ പ്രതിമാസം 500/- രൂപ വീതം ഈടാക്കേണ്ടതാണ്.
3. ടി പരിരക്ഷ നിലനിൽക്കുന്ന കാലയളവിൽ ജീവനക്കാർ വിരമിക്കുന്ന പക്ഷം അവർ ആകെ ഒടുക്ക് വരുത്തേണ്ട 6000/- രൂപയിൽ പിടുത്തം കഴിച്ചുള്ള തുക അവരുടെ അവസാനമാസ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതാണ്.
4. മാസവിഹിതം പിടുത്തം വരുത്തുന്നതിന് മുൻപ് വിരമിക്കുകയും അവസാന മാസ ശമ്പളം വരെ കൈപ്പറ്റിയിട്ടുള്ളതുമായ ജീവനക്കാരുടെ അവശേഷിക്കുന്ന വിഹിത തുക ബാദ്ധ്യതയായി കണക്കാക്കി ഡി.സി.ആർ.ജി-ൽ നിന്നും ഈടാക്കേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.28/04